# പ്രത്യേക ശ്രദ്ധയ്ക്ക്

കേരളത്തിലെ മുഴുവൻ ഗവണ്മെന്റ്, ഗവണ്മെന്റ് എയ്ഡഡ്, IHRD, സ്വാശ്രയ പോളിടെക്നിക് കോളേജുകളിലേക്കുമുള്ള ലാറ്ററൽ എൻട്രി വഴി രണ്ടാം വർഷ ഡിപ്ലോമ പ്രവേശനത്തിനു അപേക്ഷ ക്ഷണിച്ചു. പ്ലസ് ടു / VHSE അല്ലെങ്കിൽ ITI /KGCE പാസായവർക്ക് താഴെ പറയുന്ന നിബന്ധകൾ പ്രകാരം പ്രവേശനത്തിന് അപേക്ഷിക്കാവുന്നതാണ്

1. ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, ഇംഗ്ലീഷ് എന്നിവ വിഷയങ്ങളായി പഠിച്ചു പ്ലസ് ടു പാസ്സായവർക്ക് ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് വിഷയങ്ങളിൽ ഓരോന്നിനും 50% മാർക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ അപേക്ഷിക്കാവുന്നതാണ്.മേൽ വിഷയങ്ങൾ പഠിച്ച വി എച് എസ് ഇ കാർക്കും പ്ലസ് ടുവിനു തുല്യതയുണ്ടെങ്കിൽ അപേക്ഷിക്കാവുന്നതാണ്.

2. AICTE മാനദണ്ഡ പ്രകാരം ഈ വർഷം മുതൽ രണ്ടു വർഷ ITI /KGCE കോഴ്സുകൾ പാസായവർക്ക് തങ്ങളുടെ നൈപുണ്യ സർട്ടിഫിക്കറ്റ് മായി ബന്ധപ്പെട്ട ഡിപ്ലോമ പ്രോഗ്രാമിലേക്ക് ലാറ്ററൽ എൻട്രി വഴി നേരിട്ട് രണ്ടാം വർഷത്തിലേക്ക് പ്രവേശനം ലഭിക്കുന്നതാണ്. ടി വിഭാഗക്കാർക്ക് ഒന്നാം വർഷ ഡിപ്ലോമ പ്രവേശനത്തിന് നീക്കി വച്ച മുഴുവൻ സീറ്റുകളും ഈ വർഷം മുതൽ ലാറ്ററൽ എൻട്രി വഴി രണ്ടാം വർഷത്തിലേക്ക് നേരിട്ട് ലഭിക്കുന്നതാണ്. ടി അപേക്ഷകർക്ക് രണ്ടു വർഷം കൊണ്ട് ഡിപ്ലോമ പൂർത്തിയാക്കാവുന്നതാണ്. കഴിഞ്ഞ വർഷം വരെ ITI /KGCE കോഴ്സുകൾ പഠിച്ചവർക്ക് 3 വർഷം കൊണ്ടു മാത്രമെ ഡിപ്ലോമ സർട്ടിഫിക്കറ്റ് ലഭിക്കുമായിരുന്നുള്ളു.

ഇപ്പോൾ പോളിടെക്നിക് കോളേജുകളിൽ പഠിച്ചു കൊണ്ടിരിക്കുന്നവർക്കോ പഠനം ഇടക്കുവച്ചു നിർത്തിയവർക്കോ പഠനം പൂർത്തിയായവർക്കോ അപേക്ഷിക്കാവുന്നതല്ല. ലാറ്ററൽ എൻട്രി വഴി പ്രവേശനം നേടുന്നവർ പ്രോസ്പെക്ട്സിൽ പ്രതിപാദിച്ചിട്ടുള്ള ഒന്നാം വർഷത്തിന്റെ ക്രെഡിറ്റ് ലഭ്യമാക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള അധിക വിഷയങ്ങൾ നിശ്ചിത സമയത്തിനകം പാസ്സാകേണ്ടതാണ്.

ഒരു ജില്ലയിലെ മുഴുവൻ പോളിടെക്നിക്കുകളിലേക്കും അപേക്ഷിക്കുന്നതിന് 300 രൂപയാണ് അപേക്ഷ ഫീസ് (എസ് സി/ എസ് ടി വിഭാഗക്കാർക്ക് 150 രൂപ). www.polyadmission.org/let എന്ന വെബ്സൈറ്റിലൂടെ അപേക്ഷകൾ 06.08.2020 മുതൽ 17.08.2020 വരെ **ഓൺലൈനായി** സമർപ്പിക്കാവുന്നതാണ്. അപേക്ഷയോടൊപ്പം അപേക്ഷാ ഫീസ് ഓൺലൈനായി തന്നെ അടയ്ക്കേണ്ടതാണ്.

റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി പ്ലസ് ടു / VHSE കോഴ്സുകൾ പഠിച്ചവർക്ക് ഇൻഡക്സ് മാർക്ക് താഴെ പറയും പ്രകാരമാണ് കണക്കാക്കുക

A = ഫിസിക്സിനു കിട്ടിയ മാർക്കിന്റെ ശതമാനം

B = കെമിസ്ട്രിക്ക് കിട്ടിയ മാർക്കിന്റെ ശതമാനം

C = മാത്തമാറ്റിക്സ് നു കിട്ടിയ മാർക്കിന്റെ ശതമാനം

T = ആകെ കിട്ടിയ മാർക്കിന്റെ ശതമാനം

ഇൻഡക്സ് മാർക്ക് $I = A + B + C + T$

ITI /KGCE കോഴ്സുകൾ പഠിച്ചവർക്ക് ഇൻഡക്സ് മാർക്ക് കണക്കാക്കുന്നത്

I = ITI /KGCE പരീക്ഷയിൽ ലഭിച്ച ആകെ മാർക്കിന്റെ ശതമാനം.

ഇൻഡക്സ് മാർക്കിന്റെ അടിസ്ഥാനത്തിലാണ് റാങ്കുകൾ തയ്യാറാക്കുന്നത്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിലെ റാങ്കുകളുടെ അടിസ്ഥാനത്തിൽ സ്പോട് അഡ്മിഷൻ വഴിയായിരിക്കും പ്രവേശനം. അർഹതയുള്ളവർക്ക് ജാതി സംവരണവും ലഭിക്കും.

ട്രയൽ റാങ്ക് ലിസ്റ്റും ട്രയൽ അലോട്മെന്റ് ലിസ്റ്റും ആഗസ്റ്റ് 19 ന് പ്രസിദ്ധപ്പെടുത്തുന്നതാണ്. ട്രയൽ അലോട്മെന്റ് ലിസ്റ്റിൽ പേര് വന്നത് കൊണ്ട് മാത്രം അപേക്ഷകന് ഏതെങ്കിലും പ്രോഗ്രാമിലോ കോളേജിലോ പ്രവേശനം ഉറപ്പ് നൽകുന്നില്ല. നിങ്ങളുടെ അപേക്ഷയിൽ എന്തെങ്കിലും പിശക് സംഭവിച്ചിട്ടുണ്ടെങ്കിൽ ആഗസ്റ്റ് 20 ന് വൈകിട്ട് 4 മണിക്ക് മുൻപായി തിരുത്തേണ്ടതാണ്.

ആഗസ്റ്റ് 22നു റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതും പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ആഗസ്റ്റ് 27 നുള്ളിൽ പ്രവേശനം

നടത്തുന്നതുമാണ്. **പ്രോസ്പെക്ട്സിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവേശന യോഗ്യതകൾ ഉറപ്പ വരുത്താതെ റാങ്ക് ലിസ്റ്റിൽ പേര് ഉൾപ്പെട്ടിട്ടുണ്ട് എന്നത് കൊണ്ട് മാത്രം പ്രവേശനത്തിന് അർഹത ഉണ്ടാവില്ല. തെറ്റായ വിവരങ്ങൾ സമർപ്പിക്കുന്നത് അപേക്ഷ നിരസിക്കുന്നതിന് കാരണമാകും. പ്രവേശനത്തിന് മുൻപോ ശേഷമോ അപേക്ഷകൻ സമർപ്പിച്ച വിവരങ്ങൾ തെറ്റാണെന്ന് ബോധ്യപ്പെട്ടാലോ പ്രവേശനത്തിന് യോഗ്യതയില്ലെന്നു കണ്ടെത്തിയാലോ പ്രവേശനം റദ്ദാകുന്നതും അടച്ച ഫീസ് കണ്ടുകെട്ടുന്നതുമായിരിക്കും. പ്രവേശന സമയത്ത് നടത്തുന്ന സർട്ടിഫിക്കറ്റുകളുടെ പരിശോധനയിൽ തെറ്റായ വിവരങ്ങൾ ആണ് ആപ്ലിക്കേഷനിൽ നൽകിയിരിക്കുന്നത് എന്ന് കണ്ടെത്തിയാൽ അഡ്മിഷൻ നിരസിക്കുന്നതായിരിക്കും.**

**കോവിഡ്-19 നിർവ്യാപന പശ്ചാത്തലത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള കോവിഡ്-19 മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് മാത്രമേ അഡ്മിഷന് വേണ്ട നടപടികൾ നടപ്പിലാക്കുകയുള്ളു.**

## ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന വിധം:

- www.polyadmission.org/let എന്ന വെബ്സൈറ്റിലെ Online Submission ലിങ്കിൽ ക്ലിക്ക് ചെയ്ത് ഓൺലൈൻ അപേക്ഷ സമർപ്പിക്കാം.
- ആദ്യത്തെ പേജിൽ നിങ്ങൾ ഏതു ജില്ലയിലെ പോളിടെക് നിക്കുകളിലേക്കാണ് അപേക്ഷിക്കുന്നത് എന്നത് സെലക്ട് ചെയ്യുക. അതിനു ശേഷം നിങ്ങളുടെ പേര്, രക്ഷകർത്താവിൻറെ പേര്, രക്ഷകർത്താവുമായുള്ള ബന്ധം, അഡ്രസ്, പിൻകോഡ്, 10 അക്ക മൊബൈൽ നമ്പർ, ഈമെയിൽ അഡ്രസ്, ആധാർ നമ്പർ, ലിംഗം, ജനന തീയതി, നാഷണാലിറ്റി, ജനിച്ച ജില്ല എന്നിവ നൽകുക. Annual Family Income കോളത്തിൽ വാർഷിക വരുമാനം ഇൻകം സർട്ടിഫിക്കറ്റ് നോക്കി രേഖപ്പെടുത്തുക. ഇവ നൽകിയതിന് ശേഷം Next ബട്ടൺ ക്ലിക്ക് ചെയ്യുക.
- ഇപ്പോൾ കിട്ടുന്ന പേജിൽ നിങ്ങൾക്ക് ഒരു ആപ്ലിക്കേഷൻ നമ്പർ ലഭിക്കുന്നതായിരിക്കും. നിങ്ങൾക്ക് ലഭിച്ച അപ്ലിക്കേഷൻ നമ്പർ കുറിച്ചെടുക്കുക. **നിങ്ങളുടെ ആപ്ലിക്കേഷൻ പൂർത്തിയാക്കാൻ സാധിക്കാതെ വരുകയോ മറ്റോ ആണെങ്കിൽ ഈ ആപ്ലിക്കേഷൻ നമ്പർ ഉപയോഗിച്ച് ഹോം പേജിലെ Modify Application എന്ന ലിങ്ക് വഴി നിങ്ങൾക്ക് അപ്ലിക്കേഷൻ വീണ്ടും ഓപ്പൺ ചെയ്ത് പൂർത്തിയാക്കാവുന്നതാണ്.**

നിങ്ങളുടെ കമ്മ്യൂണിറ്റി പ്രോസ്പെക്ട്സിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾ വിശദമായി വായിച്ചതിനു ശേഷം മാത്രം സെലക്ട് ചെയ്യുക. റിസർവേഷന് അർഹത ഇല്ലാത്തവർ Other സെലക്ട് ചെയ്യുക. കൂടാതെ പ്രോസ്പെക്ട്സിൽ അനുബന്ധം ആയി ചേർത്തിരിക്കുന്ന ജാതി ലിസ്റ്റ് പരിശോധിച്ച ശേഷം മാത്രം ഓ.ഇ.സി മുതലായ ജാതികൾ രേഖപ്പെടുത്തുക. അനുബന്ധം IV ൽ കാണിച്ചിരിക്കുന്ന **List of communities eligible for educational concessions as is given to oec** ൽ വരുന്ന ജാതിയിൽ ഉൾപ്പെടുന്നവർ ഓ.ഇ.സി ഫീസ് ആനുകൂല്യങ്ങൾക്ക് മാത്രമാണ് അർഹർ. ഈ ലിസ്റ്റിൽ വരുന്നവർ ഓ.ഇ.സി. ടിക്ക് ചെയ്യേണ്ടതില്ല. കേൾവി തകരാറുള്ളവരുടെ സ്പെഷ്യൽ ബാച്ചിലേക്ക് അഡ്മിഷൻ ആവശ്യമുള്ളവർ പ്രോസ്പെക്ട്സിലെ 3.2

കോളം വായിച്ചതിനു ശേഷം മാത്രം Hearing Impaired കോളം ടിക്ക് ചെയ്യുക. ശേഷം Next ബട്ടൺ ക്ലിക്ക് ചെയ്യുക.

- ഇപ്പോൾ കിട്ടുന്ന പേജിൽ നിങ്ങളുടെ അടിസ്ഥാന യോഗ്യതയുടേയും മാർക്കിന്റെയും വിവരങ്ങൾ നൽകിയതിന് ശേഷം Next ബട്ടൺ ക്ലിക്ക് ചെയ്യുക.
- ഇപ്പോൾ കിട്ടുന്ന പേജിൽ 15 ഓപ്ഷനുകൾ വരെ സമർപ്പിക്കുവാൻ കഴിയും. അപേക്ഷകർ തങ്ങൾക്ക് ആവശ്യമുള്ളതും ചേർന്നു പഠിക്കുവാൻ താല്പര്യമുള്ളതുമായ പ്രോഗ്രാം, സ്ഥാപനം എന്നിവ നോക്കി വേണം ഓപ്ഷൻ സമർപ്പിക്കേണ്ടത്. അപേക്ഷയിൽ തിരഞ്ഞെടുത്ത ജില്ലയിലെ എല്ലാ പോളിടെക്നിക്കുകളിലെയും എല്ലാ പ്രോഗ്രാമുകളിലേക്കും ഓപ്ഷൻ തിരഞ്ഞെടുക്കാവുന്നതാണ്. ഓപ്ഷനുകൾ ക്രമീകരിക്കുന്നതിൽ വലിയ പ്രാധാന്യം ഉള്ളതിനാൽ നല്ലവണ്ണം ആലോചിച്ചു മാത്രമേ ഓപ്ഷനുകൾ നല്കാൻ പാടുള്ളൂ. നിങ്ങൾക്ക് ഏറ്റവും താല്പര്യമുള്ള പ്രോഗ്രാമും കോളേജും ആണ് ഉയർന്ന ഓപ്ഷൻ ആയി തിരഞ്ഞെടുക്കേണ്ടത്. നിങ്ങൾക്ക് ആവശ്യമുള്ളതും എന്നാൽ ഏറ്റവും താല്പര്യം കുറഞ്ഞതുമായ ഓപ്ഷനുകൾ ഏറ്റവും അവസാനം ക്രമീകരിക്കുക. നിങ്ങൾക്ക് പഠിക്കാൻ താല്പര്യമില്ലാത്തതായ ഓപ്ഷനുകൾ ദയവായി ചേർക്കാതിരിക്കുക. നിങ്ങൾക്കാവശ്യമുള്ള പ്രോഗ്രാമുകൾ സെലക്ട് ചെയ്ത ശേഷം Next ബട്ടൺ ക്ലിക്ക് ചെയ്യുക.
- നിങ്ങൾ നൽകിയ ഓപ്ഷനുകൾ എല്ലാം നൽകിയ ക്രമത്തിൽ ഈ പേജിൽ കാണിക്കുന്നതാണ്. നൽകിയ ഓപ്ഷനുകളുടെ ക്രമത്തിൽ മാറ്റം വരുത്താൻ ഈ പേജിൽ നിങ്ങൾക്ക് കഴിയും. ക്രമത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നു എങ്കിൽ നിങ്ങൾക്കാവശ്യമായ പുനക്രമീകരണം നടത്താവുന്നതാണ്. അതിനു ശേഷം Next ബട്ടൺ ക്ലിക്ക് ചെയ്യുക.
- ഇപ്പോൾ കിട്ടുന്ന പേജിൽ നൽകിയിട്ടുള്ള ഡിക്ലറേഷൻ വായിച്ചു നോക്കിയതിനു ശേഷം I Agree എന്ന കോളത്തിൽ ടിക്ക് ചെയ്യുക. അതിനു ശേഷം Save and Preview ബട്ടൺ ക്ലിക്ക് ചെയ്യുക.
- ഇപ്പോൾ കിട്ടുന്ന പേജിൽ നിങ്ങൾ നൽകിയ മുഴുവൻ വിവരങ്ങളും കാണിക്കുന്നതാണ്. അത് വായിച്ചു നോക്കിയതിനു ശേഷം എന്തെങ്കിലും മാറ്റം വരുത്താനുണ്ടെങ്കിൽ പേജിന്റെ ഏറ്റവും അവസാനം കാണിച്ചിരിക്കുന്ന Modify എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. നൽകിയ വിവരങ്ങൾ എല്ലാം ശെരിയാണെന്നു ഉറപ്പുണ്ടെങ്കിൽ Save എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.

- നിങ്ങളുടെ അപ്ലിക്കേഷൻ സേവ് ചെയ്തതിന്റെ വിവരങ്ങൾ ഈ പേജിൽ കാണിക്കുന്നതാണ്. നിങ്ങൾക്ക് ലഭിച്ച അപ്ലിക്കേഷൻ നമ്പർ കുറിച്ചെടുക്കുക. അഡ്മിഷനുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും ഫീസ് ഓൺലൈനായി അടയ്ക്കുന്നതിനും ഈ അപ്ലിക്കേഷൻ നമ്പർ ആവശ്യമാണ്. പ്രിൻറ് ബട്ടണിൽ ക്ലിക്ക് ചെയ്താൽ നിങ്ങളുടെ അപ്ലിക്കേഷൻറെ പ്രിൻറ് ലഭിക്കുന്നതാണ്. Online Payment ബട്ടണിൽ ക്ലിക്ക് ചെയ്താൽ ഓൺലൈൻ ഫീസ് അടക്കുന്നതിന്റെ പേജിലേക്ക് പോകുന്നതായിരിക്കും. ഇപ്രകാരം ഫീസ് അടക്കാൻ സാധിക്കാത്തവർക്ക് പിന്നീട് www.polyadmission.org/let എന്ന വെബ്സൈറ്റിലെ ഹോം പേജിലെ Online Fee Payment എന്ന ലിങ്ക് വഴി ഫീസ് ഓൺലൈനായി അടക്കാവുന്നതാണ്.
- **ഓൺലൈൻ ആയി ഫീ അടക്കുമ്പോൾ അപ്ലിക്കേഷൻ നമ്പർ നൽകേണ്ടതാണ്. ആയതിനാൽ അപ്ലിക്കേഷൻ നമ്പർ കൃത്യമായി കുറിച്ച് വയ്ക്കുക. ഓൺലൈനായി അടച്ച ഫീസ് ആപ്ലിക്കേഷനിൽ പ്രതിഫലിക്കാൻ കുറഞ്ഞത് 24 മണിക്കൂർ സമയം എടുക്കുന്നതാണ്. ഓൺലൈനായി ഫീസ് അടച്ചാൽ മാത്രമേ അപ്ലിക്കേഷൻ രജിസ്റ്റർ ആവുകയുള്ളൂ. നിങ്ങൾ അടച്ച ഫീസിന്റെ സ്റ്റാറ്റസ് പരിശോധിക്കാൻ ഹോം പേജിലെ Check Payment Status എന്ന ലിങ്ക് ഉപയോഗിക്കാവുന്നതാണ്. Fee Status എന്ന കോളത്തിൽ Fee Paid എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിൽ അപ്ലിക്കേഷൻ രജിസ്റ്റർ ചെയ്തതായി കണക്കാക്കാം. 24 മണിക്കൂറിന് ശേഷവും Fee Unpaid എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിൽ നിങ്ങൾ ഏറ്റവും അടുത്തുള്ള പോളിടെക്നിക്കിന്റെ ഹെൽപ് ഡെസ്ക് നമ്പറുമായി ബന്ധപ്പെടേണ്ടതാണ്. ഹെല്പ് ഡെസ്കുകളിലെ മൊബൈൽ നമ്പറുകൾ വെബ്സൈറ്റിലെ Contact Us എന്ന ലിങ്കിൽ ലഭിക്കുന്നതാണ്.**
- അടുത്ത പേജിൽ നിങ്ങളുടെ മൊബൈൽ നമ്പർ വെരിഫിക്കേഷൻ നടത്തേണ്ടതാണ്. ആയതിലേക്കായി നിങ്ങൾ നൽകിയ 10 അക്ക മൊബൈൽ നമ്പറിൽ ഒരു വെരിഫിക്കേഷൻ കോഡ് ലഭിക്കുന്നതായിരിക്കും. സ്ക്രീനിൽ വെരിഫിക്കേഷൻ കോഡ് നൽകിയതിന് ശേഷം Next ബട്ടൺ ക്ലിക്ക് ചെയ്യുക. വെരിഫിക്കേഷൻ ശെരി ആയോ എന്ന് സ്ക്രീനിൽ കാണിക്കുന്നതായിരിക്കും.
- നിങ്ങളുടെ അപ്ലിക്കേഷൻ ഓൺലൈനിൽ ഓപ്പൺ ചെയ്തു നോക്കുമ്പോൾ ഏറ്റവും മുകളിലായി കാണുന്ന Fee Status എന്ന കോളത്തിൽ Fee Paid എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിൽ അപ്ലിക്കേഷൻ രജിസ്റ്റർ ചെയ്തതായി കണക്കാക്കാം.